പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 4787 | 14.11.2019-ൽ<br>മറുപടിക്ക് |
| **ആധാരമെഴുത്ത് ലൈസൻസുള്ളവർക്ക് പെൻഷൻ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.സി. ദിവാകരൻ** | **ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി)** |
| രജിസ്ട്രേഷൻ വകുപ്പിൽ കൈപ്പട ആധാരമെഴുത്ത് ലൈസൻസുള്ളവർക്ക് പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിന് ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | 1960-ലെ കേരളത്തിലെ ആധാരമെഴുത്തു കാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ഒരു ആധാരമെഴുത്തുകാരന്റെയോ അല്ലെങ്കിൽ ഒരു പകർപ്പെഴുത്തുകാരന്റെയോ സാധുവായ ലൈസൻസോ അല്ലെങ്കിൽ 1960-ലെ കേരള സ്റ്റാമ്പ് നിർമ്മാണവും വിൽപ്പനയും ചട്ടങ്ങൾ പ്രകാരമുള്ള ഒരു സ്റ്റാമ്പ് വെണ്ടറുടെ സാധുവായ ലൈസൻസോ, അതതു സംഗതിപോലെ കൈവശ മുള്ളതും അപേക്ഷാ തീയതിയിൽ 65 വയസ്സിനു താഴെ പ്രായമുള്ളതുമായ ഏതൊരാൾക്കും നിധിയിൽ അംഗമായി പ്രവേശിക്കുന്നതിന് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും ബോർഡിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.<br>എന്നാൽ കേന്ദ്ര സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നോ ഏതെങ്കിലും |

| | |
|---|---|
| | പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ തദ്ദേശാധികാര സ്ഥാപനത്തിൽ നിന്നോ വിരമിക്കൽ ആനുകൂല്യങ്ങളോടെ വിരമിച്ച ശേഷം ഒരു ആധാരം എഴുത്തുകാരനായോ പകർപ്പെഴുത്തുകാരനായോ സ്റ്റാമ്പ് വെണ്ടറായോ ജോലി നോക്കുന്ന യാതൊരാൾക്കും നിധിയിൽ അംഗത്വമെടുക്കുന്നതിന് അർഹതയുണ്ടായിരിക്കുകയില്ല. |

സെക്ഷൻ ഓഫീസർ